# കലാഭവൻ

## ശിൽപവും ശിൽപിയും



സ്മരണിക

എഡിറ്റർ:
മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി

CHRISTIAN MUSICOLOGICAL SOCIETY OF INDIA
christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ചോദ്യം: ആർക്കും അസൂയയുണ്ടാക്കുന്ന നേട്ടങ്ങൾ. ഇല്ലായ്മയിൽനിന്നു കെട്ടിയുയർത്തിയ ഒരു മഹൽ സ്ഥാപനം. പിന്തിരിഞ്ഞുനോക്കുമ്പോൾ അഭിമാനം തോന്നുന്നില്ലേ?

ഡോ. ആബേൽ: സത്യത്തിൽ ഇതൊന്നും എന്റെമാത്രം നേട്ടങ്ങളല്ല. ഒപ്പം പ്രവർത്തിക്കാൻ അർപ്പണബോധമുള്ള എത്ര സഹപ്രവർത്തകരുണ്ടായിരുന്നു. കെ. കെ ആന്റണിമാസ്റ്ററെ ഞാനോർമ്മിക്കുന്നു. സ്വന്തം സംഗീതപ്രതിഭയും ജീവിതത്തിലെ നീണ്ടവർഷങ്ങളും മുഴുവൻ കലാഭവനു സമർപ്പിച്ച കലാകാരൻ. 1987 മാർച്ചിൽ അദ്ദേഹം മരിച്ചു. അക്കൊല്ലം സെപ്റ്റംബറിൽ, മാസ്റ്ററുടെ സ്മരണയ്ക്കായി 'ഹോമേജ് റ്റു എ ഗുരു' എന്ന പേരിൽ ഒരു സംഗീത പരിപാടി എറണാകുളം ഫൈൻ ആർട്ട്സ് ഹാളിൽ നടത്തി. ഏറെ ഓർമ്മകളുണർത്തിയ ഒരു സായാഹ്നം. മാസ്റ്ററുടെ കുടുംബത്തിന് അരലക്ഷം രൂപ സമ്മാനിക്കുകയും ചെയ്തു. ജോസഫ് കാരിക്കശ്ശേരിയെ ഞാനോർമ്മിക്കുന്നു. കലാഭവൻ പ്രവർത്തകർക്കെല്ലാം കുഞ്ഞപ്പൻചേട്ടനായിരുന്ന അദ്ദേഹത്തിന്റെ വൈപ്പിൻ ദ്വീപിലെ എസ്റ്റേറ്റിൽ എത്രയെത്ര വൈകുന്നേരങ്ങളാണ് കലാപ്രവർത്തകർ ഉല്ലാസപൂർവ്വം ചെലവഴിച്ചിട്ടുള്ളത്! 1979 നവംബറിൽ അദ്ദേഹഹവും മരിച്ചു. ഉറ്റസഹപ്രവർത്തകർ ഓരോരുത്തരായി യാത്ര പറയുമ്പോൾ എന്റെ തോളിലെ ഭാരം വർദ്ധിക്കുന്നു. ഞാനൊറ്റയ്ക്കു മുന്നോട്ടു പോകാൻ ശ്രമിക്കുമ്പോൾ, സഹായത്തിനായി പുതിയ തലമുറയിൽനിന്നു മിടുക്കന്മാരെയും മിടുക്കികളെയും ദൈവം അയച്ചുതരുന്നു. സംഗീതജ്ഞനായ ഫാദർ ജോസഫ് പാലയ്ക്കൽ അങ്ങനെ എന്നെ സഹായിക്കാൻ വന്നതാണ്. കലാഭവൻ അക്കാദമിയുടെ ഡീൻ ഓഫ് സ്റ്റഡീസായിരുന്ന, ഒന്നാന്തരം ഗായകനായ പാലയ്ക്കലച്ചൻ ഇപ്പോൾ അമേരിക്കയിൽ ഉപരിപഠനം നടത്തുന്നു. താമസിയാതെ കലാഭവനിൽ മടങ്ങിയെത്തി ചുമതലകൾ ഏറ്റെടുക്കുമെന്നാണു ഞങ്ങളുടെ പ്രതീക്ഷ. കലാഭവന്റെ നിലവിലുള്ള മാനേജിംഗ് കമ്മറ്റിയിൽ മുൻ കേന്ദ്രമന്ത്രി എ. എം. തോമസ് (വൈസ്പ്രസിഡന്റ്) ജയിംസ് കുളത്തുങ്കൽ (സെക്രട്ടറി) ആൻഡ്രൂ നെറ്റിക്കാടൻ

christianmusicologicalsocietyofindia